# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6750 — 01/11/2011-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പട്ടികവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പട്ടികവർഗ്ഗക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടും എന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ വിനിയോഗിച്ച് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിക്കായി എത്ര തുക കേന്ദ്ര സഹായമായി ലഭിച്ചു എന്നും, ഏതു വർഷമാണ് തുക ലഭിച്ചതെന്നും വിശദമാക്കുമോ; | 10 കോടി രൂപ 2003-04 സാമ്പത്തിക വർഷത്തിൽ അധിക കേന്ദ്ര സഹായമായി ഇക്കാര്യത്തിനായി ലഭിച്ചിട്ടുണ്ട്. |
| സി | ഇതിൽ നിന്നും ഇതേവരെ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ വിവരങ്ങൾ നൽകാമോ; | 2003-04 ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് 2008 മുതൽ പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നുണ്ട്. പ്രോഗ്രസ് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 31.07.2011 വരെ 1,12,713 പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട്. ഇതിനായി മേൽപറഞ്ഞ കാലയളവ് വരെ 10,05,08,377/- രൂപ (പത്ത് കോടി അഞ്ച് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി എഴുപത്തിയേഴ് രൂപ മാത്രം) വിവിധ ആശുപത്രികൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട് |
| ഡി | ആരോഗ്യ ഇൻഷ്വറൻസ് പട്ടികവർഗ്ഗ വിഭാഗത്തിന് ഗുണകരമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണം ലക്ഷ്യമാക്കിയുള്ള പദ്ധതി തയ്യാറാക്കി അനുമതി വാങ്ങിയ ശേഷം അവരുടെ ക്ഷേമത്തിനായി തുക വിനിയോഗിക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | ഉണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പട്ടികവർഗ്ഗക്കാർക്ക് ഗുണകരമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2007-08 മുതൽ സൗജന്യ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഇതു മുഖേന 14 ജില്ലാ ആശുപത്രികൾ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, 2 കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജുകൾ, മലബാർ ക്യാൻസർ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീചിത്രാ |

| | | |
|---|---|---|
| | | മെഡിക്കൽ സെന്റർ തുടങ്ങിയവ വഴി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാർ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പരിരക്ഷക്കായി അനുവദിച്ച 10 കോടി രൂപ മുഴുവനായും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |
| ഇ | ഇതിനായി ലഭിച്ച കേന്ദ്രസഹായം പലിശ ഉൾപ്പെടെ എത്ര തുക ഇപ്പോൾ ലഭ്യമാണ്; തുക വക മാറ്റി ചെലവഴിച്ചതിന് അനുമതി വാങ്ങിയിരുന്നോ; എങ്കിൽ ആരുടെ അനുമതിയെന്ന് വ്യക്തമാക്കുമോ? | നിലവിൽ പലിശയിനത്തിൽ 1,05,14,549/- രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യ പദ്ധതി ലക്ഷ്യമിട്ടാണ് 13/08/2007 ലെ സ.ഉ. (കൈ) 45/07 പജ.പവ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ടി തുക ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ